**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1277** **11-09-2023 - ൽ മറുപടിയ്ക്ക്**

**പാലങ്ങളെ അത്യാകർഷകമാക്കാനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ എം നൗഷാദ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള എല്ലാ വിഭാഗങ്ങളിലെയും പാലങ്ങളുടെ പ്രവൃത്തിയിൽ ഉണ്ടായിട്ടുള്ള പുരോഗതി വിശദമാക്കാമോ; നിലവിൽ എത്ര പാലങ്ങളുടെ നിർമ്മാണം നടന്നുവരുന്നുണ്ട് എന്നറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ മേൽനോട്ടത്തിൽ 2021-22 വർഷത്തിൽ 25351 ലക്ഷം രൂപയുടെ 18 പ്രവൃത്തികളും, 2022-23 വർഷത്തിൽ 23626.23 ലക്ഷം രൂപയുടെ 23 പ്രവൃത്തികളും, 2023-24 വർഷത്തിൽ നാളിതുവരെയായി 6948.32 ലക്ഷം രൂപയുടെ 15 പ്രവൃത്തികളും പൂർത്തീകരിക്കുകയും 144 പാലം നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി/പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ 132 പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.<br><br>കെ.ആർ.എഫ്.ബി -പി.എം.യുവിന്റെ മേൽനോട്ടത്തിൽ 118 പാലങ്ങൾ ആണ് ഉള്ളത് അതിൽ സാമ്പത്തികാനുമതി നൽകിയിട്ടുള്ളത് 97 പാലങ്ങൾക്കാണ്. സാങ്കേതികാനുമതി നൽകിയിട്ടുള്ളത് 51 പാലങ്ങൾക്കാണ്. അതിൽ 45 പാലങ്ങളുടെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു, 2 എണ്ണം ടെൻഡറിങ് ഘട്ടത്തിലാണ്, 4 എണ്ണത്തിന്റെ പണിപൂർത്തിയായി.<br><br>ആർ.ബി.ഡി.സി.കെ യുടെ മേൽനോട്ടത്തിൽ 77 റെയിൽവേ മേൽപ്പാലങ്ങൾ, 2 പുഴപ്പാലങ്ങൾ, 11 ഫ്ളൈഓവറുകൾ ഉൾപ്പെടെ 90 പാലങ്ങളുടെ പ്രവൃത്തികളാണ് ഉള്ളത്. 13 പാലങ്ങളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. ബാക്കിയുള്ളവ സ്ഥലമേറ്റെടുപ്പ്, റെയിൽവേ അംഗീകാരം, പദ്ധതിരേഖ തയ്യാറാക്കൽ തുടങ്ങിയ ഘട്ടങ്ങളിലാണ്. ഇതു കൂടാതെ 4 പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി DLP ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (ബി) | പാലങ്ങളുടെ വിനോദസഞ്ചാര സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; പാലങ്ങളെ അത്യാകർഷകമാക്കാനുള്ള പദ്ധതികളുടെ പുരോഗതിയും പ്രസ്തുത പദ്ധതി ഈ വർഷം എത്ര പാലങ്ങളിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ; | (ബി) | പാലങ്ങൾ ആകർഷകമാക്കി വിനോദ സഞ്ചാര പ്രാധാന്യം നൽകുന്നതിനും, ഒരു പ്രദേശത്തിന്റെ തന്നെ അടയാളമാക്കി മാറ്റുന്നതിനുമായി പാലങ്ങൾ മോടി പിടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആലുവ മണപ്പുറം പാലത്തിൽ സിയാലിനും, ഫറോക്ക് പഴയ പാലത്തിൽ ആർ.ബി.ഡി.സി.കെ യ്ക്കും അലങ്കാര ദീപങ്ങൾ സ്ഥാപിക്കുന്നതിന് നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്.<br><br>ഫറോക്ക് പഴയപാലത്തിൽ ദീപാലങ്കാരങ്ങൾ ചെയ്യുന്നതിന് ആർ.ബി.ഡി.സി.കെ.യെയാണ് ചുമതലപ്പെട്ട ത്തിയിരിക്കുന്നത്. അലങ്കാര ദീപങ്ങൾ സ്ഥാപിക്കുവാനുള്ള പാലങ്ങളുടെ പട്ടിക തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | പാലങ്ങളുടെ കീഴ്ഭാഗവും ഫലപ്രദമായി ഉപയോഗിക്കാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പാലങ്ങളുടെ കീഴ്ഭാഗം ഷട്ടിൽ -ടെന്നീസ്-ടർഫ് കോർട്ടുകൾ, വയോധികർക്കുള്ള വിശ്രമ പാർക്ക് എന്നിവയായി മാറ്റി ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്ന ഒരു പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിലേക്കായി ഉപയോഗപ്പെടുത്താവുന്ന പാലങ്ങളുടെ പട്ടിക തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. ആർ.ബി.ഡി.സി.കെ യുടെ കീഴിലുള്ള ആർ.ഒ.ബി.കളുടെ അടിഭാഗത്ത് വയോജനങ്ങൾക്കും കുട്ടികൾക്കുമുള്ള പാർക്കുകൾ, കളിസ്ഥലങ്ങൾ, വാഹന പാർക്കിംഗ് ഉടങ്ങിയവ നടപ്പാക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചു വരുന്നു. കൊല്ലം ROB യുടെ അടിഭാഗം ഇത്തരത്തിൽ വികസിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുവാൻ ടൂറിസം വകുപ്പിന് അനുമതി നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ